പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 17.7.2012 ന് മറുപടിയ്ക്ക്

നമ്പർ - 7376

'മലയാള' ഭാഷക്ക് ക്ലാസിക് പദവി

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്

മറുപടി

ശ്രീ.കെ.സി.ജോസഫ്

ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ആദി ദ്രാവിഡ ഭാഷകളിൽ പ്രമുഖമായ 'മലയാള' ഭാഷക്ക് ക്ലാസിക്ക് പദവി നേടിയെടുക്കാൻ കഴിയാതെ പോയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) യും (ബി) യും | മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവിയ്ക്ക് അർഹതയില്ലെന്ന് സാഹിത്യകലാ അക്കാദമിയുടെ ഭാഷാ ശാസ്ത്ര വിഭാഗം കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന് റിപ്പോർട്ട് നൽകിയിട്ടുള്ളതായി ചില പത്ര മാധ്യമങ്ങൾ വഴി അറിയാൻ കഴിഞ്ഞിട്ടുണ്ട്.മലയാള ഭാഷയ്ക്ക് 1500 വർഷത്തെ പഴക്കമില്ല എന്നാണ് കേന്ദ്ര സാഹിത്യ അക്കാദമിയുടെ കൗൺസിൽ ഓഫ് ലാംഗ്വേജസ്സിന്റെ നിഗമനം എന്നാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ ഇതു സംബന്ധിച്ച യാതൊരു ഔദ്യോഗിക അറിയിപ്പുകളും സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടില്ല.മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി നല്കുന്നതു സംബന്ധിച്ച് നമ്മുടെ വാദഗതികൾ അവതരിപ്പിക്കാൻ വീണ്ടും അവസരം നല്കണമെന്ന് കാണിച്ച് ബഹു.മുഖ്യമന്ത്രി കേന്ദ്ര സാംസ്കാരിക മന്ത്രിക്ക് കത്തയച്ചു കഴിഞ്ഞു. ബഹു.മുഖ്യമന്ത്രി ചെയർമാനായ ഉപദേശകസമിതി 29/6/12 ന് അടിയന്തിര യോഗം കൂടുകയും മലയാളഭാഷയ്ക്ക് 2000 വർഷത്തെ പഴക്കമുണ്ടെന്ന നമ്മുടെ വാദഗതി അംഗീകരിച്ചുകൊണ്ട് ശ്രേഷ്ഠ ഭാഷാ പദവി മലയാളത്തിന് നൽകുകയോ,അതല്ലെങ്കിൽ മാനദണ്ഡം മാറ്റുകയോ ചെയ്യണമെന്നും,മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി നൽകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം 2012 ജൂലൈ 3 ന് പ്രധാനമന്ത്രിയെ കണ്ട് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. |
| (ബി) | ക്ലാസിക്ക് പദവി നേടുന്നതിന് തുടർന്നും നടപടി സ്വീകരിച്ചുവോ;എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ